(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോൾ പോളിടെക്നിക്കുകളിൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ രണ്ടു ശതമാനം സീറ്റ് റിസർവ് ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകളിലേയ്ക്ക് വി.എച്ച്.എസ്.ഇ. പാസ്സായ കുട്ടികൾക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

97 (1315) സി.എച്ച്.എം. ഹൈസ്കൂൾ സ്റ്റാഫ് ഫിക്സേഷൻ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ സി.എച്ച്.എം. ഹൈസ്കൂൾ എളവായൂരിലെ 1998-99 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച അപ്പീൽ പെറ്റീഷൻ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂൾ 1998-99-ൽ നിയമനം ലഭിച്ച രണ്ട് മലയാളം അദ്ധ്യാപകർക്ക് രണ്ടു വർഷമായി ശമ്പളം ലഭിക്കാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള കെ.ഇ.ആർ. അനുസരിച്ച് പ്രസ്തുത സ്കൂളിൽ 1998-99-ൽ എത്ര മലയാളം അദ്ധ്യാപകരുടെ പോസ്റ്റിന് അർഹതയുണ്ട്;

(ഇ) നിയമാനുസൃതമായി അർഹതയുള്ള പോസ്റ്റിലാണ് പ്രസ്തുത അദ്ധ്യാപകരെ നിയമിച്ചതെങ്കിൽ അവരുടെ നിയമനത്തിന് അംഗീകാരം നൽകി അവർക്ക് ശമ്പളം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) 1998-99 വർഷത്തിൽ മറ്റ് ഏതെങ്കിലും ഹൈസ്കൂളുകളിൽ ഇതുപോലെ മലയാളം പോസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10.12.99-ലെ സർക്കാർ ഉത്തരവ് നമ്പർ 5373/99/പൊ.വി. പ്രകാരം അപ്പീൽ അപേക്ഷ നിരസിച്ചുത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മലയാള ഭാഷ മാത്രം പഠിക്കുന്ന കുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ കെ.ഇ.ആർ. അനുസരിച്ച് മലയാളം അദ്ധ്യാപകരുടെ നാലു പോസ്റ്റിന് അർഹതയുണ്ട്.

(ഇ) നിയമനം നിയമാനുസൃതമല്ല.

(എഫ്) സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly